**തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്**

**സംഗ്രഹം**

**കൊല്ലവർഷം 1197 എം.ഇ - ശബരിമല ദേവസ്വം - പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവാകുന്നു.**

---

നടപടി ഉത്തരവ് നമ്പർ ആർ.ഒ.സി.11495/2020/ശബ തിരുവനന്തപുരം, തീയതി: 02.11.2021

---

**പരാമർശം:- ദേവസ്വം കമ്മീഷണറുടെ 02.08.2021, 19.10.2021 തീയതികളിലെ ആർ.ഒ.സി. 29057/2018/ശബ നമ്പർ റിപ്പോർട്ടുകൾ..**

കോവിഡ്-19 വ്യാപനത്തെ തുടർന്ന് കൊല്ലവർഷം 1196-ലെ ശബരിമല മണ്ഡലം - മകരവിളക്ക് മഹോൽസവം മുതൽ പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ശബരിമല ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

പ്രസ്തുത നിയന്ത്രണം ഒഴിവാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകളും കത്തുകളും ബാലാവകാശ കമ്മീഷൻ മുഖേനയും ബഹുമാനപ്പെട്ട ഹൈക്കോടതി മുഖേനയും ലഭിച്ചിട്ടുള്ളതാണെന്നും, ആയതിലേയ്ക്ക് ഒരു പൊതു ഉത്തരവുണ്ടാകണമെന്നും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. കുട്ടികൾക്ക് ദർശനാനുമതി നൽകുന്നതിന് ബാലാവകാശ കമ്മീഷനും, ബഹുമാനപ്പെട്ട ഹൈക്കോടതിയും നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാത്രവുമല്ല ഈ കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ ദേവസ്വം കമ്മീഷണറുടെ ശുപാർശ പരിഗണിച്ച് ശബരിമലയിൽ പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കോവിഡ് -19 പ്രോട്ടോകോൾ പൂർണ്ണമായി പാലിച്ച് ദർശനാനുമതി നൽകുന്ന തിന് തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

**(ഒപ്പ്)**
**സെക്രട്ടറി**

(മറുപുറം)

പകർപ്പ് :-

1) ദേവസ്വം കമ്മീഷണർ
2) പേഴ്സണൽ സെക്രട്ടറി to പ്രസിഡന്റ്
3) പേഴ്സണൽ സെക്രട്ടറി to മെമ്പർ-1
4) പേഴ്സണൽ സെക്രട്ടറി to മെമ്പർ-2
5) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
6) പബ്ലിക് റിലേഷൻ ഓഫീസർ
7) ഇ.ഡി.പി. സെക്ഷൻ
8) മിനിറ്റ്സ് സെക്ഷൻ
9) സെക്ഷൻ ഫയൽ
10) ഫെയർ ഓഫീസ് കോപ്പി
11) ഫയൽ ബുക്ക്

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ